ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-3

# യേശുവിന്റെ ജനനം

● ഇ.സി സൈമൺ മാസ്റ്റർ

ഖുർആനെ സംബന്ധിച്ച് എടുത്തുപറയേണ്ട ഒരു ദുഃഖസത്യമാണ് ക്രൈസ്തവർ ആ വിശിഷ്ട ഗ്രന്ഥത്തെപ്പറ്റി കാര്യമായി മനസ്സിലാക്കിയിട്ടില്ല എന്നത്. അവരുടെ തെറ്റായ ധാരണകൾക്കും അബദ്ധവിശ്വാസങ്ങൾക്കും അടിസ്ഥാനവും അതുതന്നെ. വാസ്തവത്തിൽ മർയത്തെയും യേശുവിനെയും സംബന്ധിച്ച സത്യസന്ധമായ വിവരങ്ങൾ അറിയുന്നതിന് ഖുർആനാണ് കൂടുതൽ ഉപകരിക്കുക. മർയത്തിന്റെ മാതാവിനെ സംബന്ധിച്ചുപോലും പരാമർശങ്ങളുള്ളതാണ് ആ ഗ്രന്ഥം.

വളരെ ആദരവോടെയാണ് ഖുർആൻ മർയത്തെ പരാമർശിക്കുന്നത്. സ്ത്രീകളെ സംബന്ധിച്ച പല കാര്യങ്ങളും ഖുർആൻ പ്രതിപാദിക്കുന്നുണ്ടെങ്കിലും അവരുടെ പേരുകൾ പറയാറില്ല. ഖുർആൻ പരാമർശിച്ച ഏക സ്ത്രീനാമം യേശുവിന്റെ അമ്മ മർയമിന്റേതാണ്. ഒരധ്യായ ശീർഷകം തന്നെ അവരുടെ പേരിലാക്കിയപ്പോൾ ഏറ്റവും ബഹുമാന്യമായ ഒരു പദവിയിലേക്ക് അവർ ഉയർത്തപ്പെടുകയായിരുന്നു. മർയമിന് ലഭിച്ച സ്ഥാനമഹിമയെ ഖുർആൻ ഇങ്ങനെ രേഖപ്പെടുത്തി: "മലക്കുകൾ പറഞ്ഞതോർക്കുക: മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധയും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു" (3:42).

എന്നാൽ, പിതാവില്ലാതെ ദൈവത്തിന്റെ പ്രത്യേകമായ ശക്തിവിശേഷത്താൽ ജനിച്ച പ്രവാചകൻ എന്ന നിലയിൽ ഖുർആൻ യേശുവിനെ പരിചയപ്പെടുത്തുമ്പോൾ മർയമിന്റെ ഭർത്താവായി ഒരു ജോസഫിനെക്കുറിച്ച് ബൈബിൾ പറയുന്നത് മുസ്‌ലിംകൾക്ക് അസംഭവ്യവും അവിശ്വസനീയവും ആയി തോന്നുകയാണ്.

ഭർത്താവുമായി ജീവിക്കുന്ന ഒരു സ്ത്രീയുടെ മകനാണ് യേശു എങ്കിൽ അദ്ദേഹത്തിന്റെ ജനനത്തെ സംബന്ധിച്ച് പറയപ്പെടുന്ന സവിശേഷതകൾക്ക് നിറം മങ്ങുന്നു; പ്രാധാന്യം കുറയുന്നു. എന്നു തന്നെയല്ല അത്തരം പ്രസ്താവനകൾക്ക് നിലനിൽപില്ലാതാവുകയും ചെയ്യുന്നു.

ബൈബിൾ വിവരണങ്ങളിലും കാണാം അങ്ങനെ വന്നുപെട്ട സങ്കീർണമായ ഒരു സ്ഥിതിവിശേഷം. അതിൽനിന്ന് പുറത്തുകടക്കാനായി സുവിശേഷകാരന്മാർ യുക്തിസഹമല്ലാത്ത ചില വാദങ്ങളാണവതരിപ്പിച്ചിട്ടുള്ളത്. എന്നിട്ടും സ്വയം സൃഷ്ടിച്ച സമസ്യയിൽനിന്ന് പുറത്തുകടക്കാൻ ആവുന്നില്ല. ദൈവത്തിന്റെ പ്രത്യേക തിരുമനസ്സും അനുഗ്രഹവുമനുസരിച്ച് മർയം എന്ന കന്യക യേശുവിന് ജന്മം നൽകി യെന്ന ലളിതസത്യം വിശ്വാസികൾക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതിനിടയിൽ വന്ന ജോസഫ് എന്ന ഭർത്താവിന്റെ സാന്നിധ്യം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു മാത്രമേ കാരണമായുള്ളൂ. യേശുവിന്റെ ജീവിതത്തിലേക്ക് അനാവശ്യമായി കടത്തിവിട്ട കഥാപാത്രമാണ് മർയത്തിന്റെ ഭർത്താവ് ജോസഫ്.

യേശുവിന്റെ ജനനം ബൈബിൾ ഇങ്ങനെ രേഖപ്പെടുത്തുന്നു: "യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തതു പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്. ജോസഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു. പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല. അവൻ ശിശുവിന് യേശു എന്നു പേരിട്ടു" (മത്തായി 1:18-25).

യേശുവിന്റെ ജനനം ഖുർആൻ അവതരിപ്പിക്കുന്നത് ഇങ്ങനെ: "ഈ വേദപുസ്തകത്തിൽ മർയമിന്റെ കാര്യം വിവരിക്കുക. അവർ തന്റെ സ്വന്തക്കാരിൽനിന്നകലെ കിഴക്കൊരിടത്ത് കഴിഞ്ഞുകൂടിയ കാലം. സ്വന്തക്കാരിൽനി

ന്നൊളിഞ്ഞിരിക്കാൻ അവരൊരു മറയുണ്ടാക്കി. അപ്പോൾ നാം നമ്മുടെ മലക്കിനെ മർയമിന്റെ അടുത്തേക്കയച്ചു. മലക്ക് അവരുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷമായി. അവർ പറഞ്ഞു: ഞാൻ നിങ്ങളിൽനിന്ന് പരമകാരുണികനായ അല്ലാഹുവിൽ അഭയം തേടുന്നു. നിങ്ങളൊരു ഭക്തനെങ്കിൽ?

മലക്ക് പറഞ്ഞു: നിനക്ക് പരിശുദ്ധനായൊരു പുത്രനെ പ്രദാനം ചെയ്യാൻ നിന്റെ നാഥൻ നിയോഗിച്ച ദൂതൻ മാത്രമാണ് ഞാൻ.

അവർ പറഞ്ഞു: എനിക്കെങ്ങനെ പുത്രനുണ്ടാകും? ഇന്നോളം ഒരാണും എന്നെ തൊട്ടിട്ടില്ലല്ലോ. ഞാൻ ദുർനടപ്പുകാരിയുമല്ല.

മലക്ക് പറഞ്ഞു: അതൊക്കെ ശരി തന്നെ. എന്നാലും അതുണ്ടാവും. നിന്റെ നാഥൻ പറയുന്നു: നമുക്കത് നന്നെ നിസ്സാരമായ കാര്യമാണ്. ആ കുട്ടിയെ ജനങ്ങൾക്കൊരടയാളവും നമ്മിൽനിന്നുള്ള കാരുണ്യവുമാക്കാനാണ് നാം അങ്ങനെ ചെയ്യുന്നത്. അത് തീരുമാനിക്കപ്പെട്ട കാര്യമാണ്.

അങ്ങനെ അവർ ആ കുഞ്ഞിനെ ഗർഭം ധരിച്ചു. ഗർഭം ചുമന്ന് അവർ അകലെ ഒറ്റക്കൊരിടത്ത് മാറിത്താമസിച്ചു.

പിന്നെ പേറ്റുനോവുണ്ടായപ്പോൾ അവർ ഒരീന്തപ്പനയുടെ അടുത്തേക്ക് പോയി. അവർ പറഞ്ഞു: അയ്യോ കഷ്ടം! ഇതിനു മുമ്പേതന്നെ ഞാൻ മരിച്ചിരുന്നെങ്കിൽ! എന്റെ ഓർമ പോലും മാഞ്ഞുപോയിരുന്നെങ്കിൽ!

അപ്പോൾ താഴ്ഭാഗത്തുനിന്ന് അവരോട് വിളിച്ചുപറഞ്ഞു: നീ ദുഃഖിക്കേണ്ട. നിന്റെ നാഥൻ നിന്റെ താഴ്ഭാഗത്ത് ഒരുവി ഉണ്ടാക്കിത്തന്നിരിക്കുന്നു.

ആ ഈന്തപ്പനമരമൊന്ന് പിടിച്ചു കുലുക്കുക. അത് നിനക്ക് പഴുത്ത് പാകമായ പഴം വീഴ്ത്തിത്തരും.

അങ്ങനെ തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്യുക. അഥവാ ആരെയെങ്കിലും കാണുകയാണെങ്കിൽ അവരോട് പറഞ്ഞേക്കുക: ഞാൻ പരമകാരുണികനായ അല്ലാഹുവിന് വേണ്ടി നോമ്പെടുക്കാമെന്ന് നേർച്ചയാക്കിയിട്ടുണ്ട്. അതിനാൽ ഇന്ന് ആരോടും സംസാരിക്കുകയില്ല.

പിന്നെ അവർ ആ കുഞ്ഞിനെയെടുത്ത് തന്റെ ജനത്തിന്റെ അടുത്തു ചെന്നു. അവർ പറഞ്ഞുതുടങ്ങി: മർയമേ കൊടിയ കുറ്റമാണല്ലോ നീ ചെയ്തിരിക്കുന്നത്.

ഹാറൂന്റെ സോദരീ, നിന്റെ പിതാവ് വൃത്തികെട്ടവനായിരുന്നില്ല. നിന്റെ മാതാവ് പിഴച്ചവളുമായിരുന്നില്ല.

അപ്പോൾ മർയം തന്റെ കുഞ്ഞിനു നേരെ വിരൽചൂണ്ടി. അവർ ചോദിച്ചു: തൊട്ടിലിൽ കിടക്കുന്ന കുട്ടിയോട് ഞങ്ങളെങ്ങനെ സംസാരിക്കും?

കുഞ്ഞ് പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാണ്. അവനെനിക്ക് വേദപുസ്തകം നൽകിയിരിക്കുന്നു. എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

ഞാൻ എവിടെയായിരുന്നാലും അവനെന്നെ അനുഗ്രഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നേടത്തോളം കാലം നമസ്കരിക്കാനും സകാത്ത് നൽകാനും അവനെന്നോട് കൽപിച്ചിരിക്കുന്നു.

അല്ലാഹു എന്നെ എന്റെ മാതാവിനോട് നന്നായി വർത്തിക്കുന്നവനാക്കിയിരിക്കുന്നു. ക്രൂരനും ഭാഗ്യംകെട്ടവനുമാക്കിയിട്ടില്ല.

എന്റെ ജനന ദിനത്തിലും മരണദിനത്തിലും ഉയിർത്തെഴുന്നേൽപ്നാളിലും എനിക്ക് സമാധാനം!

അതാണ് മർയമിന്റെ മകൻ ഈസാ. ജനം തർക്കിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിലുള്ള സത്യസന്ധമായ വിവരണമാണിത്.

പുത്രനെ സ്വീകരിക്കുകയെന്നത് അല്ലാഹുവിന് ചേർന്നതല്ല. അവനെത്ര പരിശുദ്ധൻ! അവനൊരു കാര്യം തീരുമാനിച്ചാൽ അതിനോട് 'ഉണ്ടാവുക' എന്ന വചനമേ വേണ്ടൂ. അതോടെ അതുണ്ടാവുന്നു" (19:16-35).

മർയത്തിന് ഭർത്താവും യേശുവിനെ കൂടാതെ വേറെ മക്കളും ഉണ്ടായിരുന്നതായി സുവിശേഷകർത്താക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഭാഗത്ത് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"യേശു ഈ ഉപമകൾ അവസാനിപ്പിച്ചശേഷം അവിടെനിന്ന് പുറപ്പെട്ട് സ്വദേശത്തു വന്ന്, അവരുടെ സിനഗോഗിൽ (യഹൂദദേവാലയം) പഠിപ്പിച്ചു. അവർ വിസ്മയഭരിതരായി ചോദിച്ചു: ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന്? ഇവൻ ആ തച്ചന്റെ മകനല്ലേ? മറിയമല്ലേ ഇവന്റെ അമ്മ? യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരല്ലേ ഇവന്റെ സഹോദരന്മാർ. ഇവന്റെ സഹോദരിമാരെല്ലാം നമ്മുടെ കൂട്ടത്തിലുണ്ടല്ലോ! പിന്നെ ഇവന് ഇതെല്ലാം എവിടെനിന്ന്? അവർക്ക് അവനിൽ ഇടർച്ചയുണ്ടായി. യേശു അവരോട് പറഞ്ഞു: പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ അവമതിക്കപ്പെടുന്നില്ല. അവരുടെ അവിശ്വാസം നിമിത്തം അവൻ അവിടെ അധികം അത്ഭുതങ്ങൾ പ്രവർത്തിച്ചില്ല" (മത്തായി 13:53-58).

ആഗോള ക്രൈസ്തവരുടെ അംഗീകൃത മതഗ്രന്ഥമെന്ന നിലയിൽ അവരുടെ വിശ്വാസ സംബന്ധമായ പ്രാമാണിക ഗ്രന്ഥമായി പരക്കെ സ്വീകരിക്കപ്പെട്ടുപോരുന്ന ലൂക്കായുടെ സുവിശേഷം കേവലം ഒരു വ്യക്തിക്കുവേണ്ടി മാത്രമായി എഴുതപ്പെട്ടതാണെന്ന വസ്തുത ആരെയും അമ്പരപ്പിക്കാൻ പോന്നതാണ്. ബൈബിൾ-ഖുർആൻ താരതമ്യപഠനത്തിനു വേണ്ടി ഇരു ഗ്രന്ഥങ്ങളും നിഷ്പക്ഷമായി പരിശോധിക്കുമ്പോൾ പല കാര്യങ്ങളിലും അവ രണ്ടു ധ്രുവങ്ങളോളം അകലത്തിലാണെന്ന യാഥാർഥ്യം ബോധ്യപ്പെടുന്നു. അക്കാര്യം വ്യക്തമായി വെളിപ്പെടുത്തുന്നവയാണ് അവയിലെ സംബോധനാരീതികൾ.

'ബഹുമാന്യനായ തെയോഫിലോസേ' എന്ന സംബോധനയോടെയുള്ള ലൂക്കായുടെ സുവിശേഷാരംഭം ആ ഗ്രന്ഥത്തിന്റെ പരിമിതിയും വീക്ഷണ സങ്കുചിതത്വവും സൂചിപ്പിക്കുന്നു. നന്നെച്ചെറിയ ഒരു വൃത്തത്തെ മുന്നിൽ കണ്ടാണ് ആ സംബോധന എന്നു വ്യക്തം. എന്നാൽ അതിവിശാലമായ ഒരു വീക്ഷണം സൂചിപ്പിച്ചുകൊണ്ടാണ് അല്ലയോ മനുഷ്യ വർഗമേ, അല്ലയോ മനുഷ്യരേ, ആദം സന്തതികളേ, വിശ്വാസികളേ എന്നെല്ലാമുള്ള ഖുർആനിലെ അഭിസംബോധനകൾ. യേശുവിനെ നേരിട്ട് പരിചയമില്ലാത്ത ആളായതിനാൽ ഗ്രന്ഥരചനക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പലരുടെയും സേവനങ്ങളും സഹായങ്ങളും ഉപയോഗപ്പെടുത്തിയതായി ഗ്രന്ഥകാരന്റെ വാക്കുകൾ തെളിയിക്കുന്നു. അന്ന് നിലവിലിരുന്ന മറ്റു പല ഗ്രന്ഥങ്ങളിൽനിന്നു കിട്ടിയ അറിവുകളും ലൂക്കാ സ്വന്തമാക്കിയതായി മനസ്സിലാക്കാം. അതിൽ അബദ്ധങ്ങളും അർധസത്യങ്ങളുമുണ്ടാകാനുള്ള സാധ്യത ഏറെയാണ്.

ലൂക്കായുടെ ഗ്രന്ഥരചനയുടെ പശ്ചാത്തലം അതായിരുന്നെങ്കിൽ ഖുർആൻ അവതരണത്തിനു പിന്നിൽ പ്രവർത്തിച്ചത് എല്ലാം അറിയുന്ന അദൃശ്യമായ മഹാശക്തിയായിരുന്നു. സ്വന്തം ഉറവിടത്തെക്കുറിച്ച് ഖുർആൻതന്നെ പറയുന്നു: "ഈ വേദപുസ്തകത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിൽനിന്നാണ്. തീർച്ചയായും നിനക്ക് നാം ഈ വേദപുസ്തകം ഇറക്കിത്തന്നത് സത്യസന്ദേശവുമായാണ്. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കി അവന് വഴിപ്പെടുക.

സംശയമില്ല, മനുഷ്യർക്കാകമാനമുള്ള സത്യസന്ദേശവുമായി നാം നിനക്ക് ഈ വേദപുസ്തകം ഇറക്കിത്തന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർവഴി സ്വീകരിച്ചാൽ അതിന്റെ നന്മ അവനുതന്നെയാണ്. വല്ലവനും വഴികേടിലായാൽ അതിന്റെ ദോഷവും അവനുതന്നെ. നീ അവരുടെ കൈകാര്യകർത്താവൊന്നു

മല്ല" (39:1,2,41).

മാനവചരിത്രത്തെ വിപുലമായി സ്വാധീനിച്ച രണ്ട് മഹദ്ഗ്രന്ഥങ്ങളെ താരതമ്യം ചെയ്ത് ഒന്നിനെ ഉയർത്തിയോ മറ്റേതിനെ താഴ്ത്തിയോ കാണിക്കുക എന്റെ ലക്ഷ്യമല്ല. പകൽവെളിച്ചം പോലെ പ്രകടമായ ചില യാഥാർഥ്യങ്ങൾ ചൂണ്ടിക്കാണിച്ച് വായനക്കാരെ സ്വതന്ത്രമായ വിലയിരുത്തലിനു പ്രേരിപ്പിക്കുക മാത്രമാണ് എന്റെ ഉദ്ദേശ്യം. കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ ഏതെങ്കിലും ഒരു ഗ്രന്ഥം സത്യത്തോട് കൂടുതലായി അടുപ്പിക്കപ്പെടുന്നതായോ മറിച്ചോ തോന്നുന്നെങ്കിൽ അത് എന്റെ പക്ഷപാതം കൊണ്ടല്ല; പ്രത്യുത യാഥാർഥ്യം അങ്ങനെയായതുകൊണ്ടാണ് എന്ന് ധരിക്കേണ്ടതുണ്ട്.

ഇന്ന് പ്രചാരത്തിലിരിക്കുന്ന ബൈബിളിലെ ലൂക്കായുടെ സുവിശേഷം, ലൂക്കായുടെ സമകാലീനനായ തെയോഫിലോസ് എന്ന ഒരു പ്രമാണിക്കു വേണ്ടി യേശുവിനെ സംബന്ധിച്ച ചില കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു രേഖപ്പെടുത്തിയതാണ് എന്ന് ലൂക്കായുടെ തന്നെ വരികൾ വ്യക്തമാക്കുന്നു.

"നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദി മുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകന്മാരും ആയിരുന്നവർ നമുക്ക് ഏൽപിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്. അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി. അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ച് നിനക്ക് ബോധ്യം വരാനാണ്" (ലൂക്കാ 1:1-4).

ലൂക്കാ എഴുതിയുണ്ടാക്കിയ ഗ്രന്ഥത്തിൽ മാനുഷികമായ പരിമിതികളും പരാധീനതകളും ധാരാളം കാണാം. എന്നാൽ അതുമായി താരതമ്യപ്പെടുത്തുന്നതിനായി ഖുർആൻ എടുക്കുമ്പോൾ ഇപ്പറഞ്ഞ മാനുഷിക ദൗർബല്യങ്ങൾ കാണപ്പെടുകയില്ല.

ഗ്രന്ഥകർത്താവായ ലൂക്കായുടെ സുവിശേഷത്തിലെ സ്ഖലിതങ്ങളും പൊരുത്തക്കേടുകളും മുഴുവനായി രേഖപ്പെടുത്താൻ ഒരു നീണ്ട പട്ടികതന്നെ വേണ്ടിവരും. ഏതാനും ചില ഉദാഹരണങ്ങൾ മാത്രം ഇവിടെ കുറിക്കാം.

പ്രവാചകനായ യേശു ദൈവത്തിന്റെ പ്രത്യേക സൃഷ്ടിവിശേഷത്താൽ പിതാവില്ലാതെ മാതാവിൽനിന്ന് മാത്രമായി ജനിച്ചു എന്ന വസ്തുത സംശയരഹിതമായി വിശ്വസിക്കുന്നവരാണ് ക്രൈസ്തവരും മുസ്‌ലിംകളും. ഖുർആൻ ആ കാര്യം അംഗീകരിക്കുകയും ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്.

പിതാവില്ലാതെ മാതാവിൽനിന്നു മാത്രമായി ജനിച്ചതുകൊണ്ട് യേശു ദൈവമോ ദൈവപുത്രനോ ആകുന്നില്ല എന്ന സത്യവും അസന്ദിഗ്ധമായി സൂചിപ്പിക്കാനാണ് ആ പ്രവാചകനെപ്പറ്റി പ്രതിപാദിക്കുമ്പോഴെല്ലാം 'മർയത്തിന്റെ പുത്രൻ യേശു' എന്ന് ഖുർആൻ പ്രത്യേകം പറയുന്നത്. അസാധാരണ ജനനത്തെ ആധാരമാക്കി അദ്ദേഹത്തെ ദൈവവും ദൈവപുത്രനുമായി വാഴ്ത്താൻ തുടങ്ങിയപ്പോൾ അതിനു മറുപടിയായി, അതിനേക്കാൾ വലിയൊരത്ഭുതം ഖുർആൻ ചൂണ്ടിക്കാണിച്ചു- കളിമണ്ണിൽനിന്ന് മനുഷ്യനെ രൂപപ്പെടുത്തി അതിൽ ഊതി ജീവൻ കൊടുത്ത ആദമിന്റെ ചരിത്രം.

"സംശയമില്ല. അല്ലാഹുവിന്റെ അടുത്ത് ഈസാ ആദമിനെപ്പോലെയാണ്. അല്ലാഹു ആദമിനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അതിനോട് 'ഉണ്ടാവുക' എന്നു കൽപിച്ചു. അങ്ങനെ അദ്ദേഹം ഉണ്ടായി" (ഖുർആൻ 3:59).

പിതാവില്ലാത്ത യേശുവിന്റെ ചരിത്രമെഴുതിയ ലൂക്ക അദ്ദേഹത്തിനു ബന്ധമില്ലാത്ത ചിലരുമായി ബന്ധപ്പെടുത്തി ഒരു വംശാവലി എഴുതേണ്ടിയിരുന്നില്ല. മാത്രമല്ല, എഴുതിയതിലാവട്ടെ അബദ്ധവും പറ്റി. മറിയത്തിന്റെ ഭർത്താവും ഹേലിയുടെ മകനുമായ ജോസഫിന്റെ പുത്രനായി യേശു ജനിച്ചു എന്നാണ് ലൂക്ക എഴുതിയ വംശാവലിയിൽ രേഖപ്പെടുത്തിയത് (ലൂക്ക 3:23). നൂറ്റാണ്ടുകളോളം മാറ്റമില്ലാതെ കിടന്ന ആ വാക്യം ഈ അടുത്ത കാലത്തേ ക്രൈസ്തവസഭാ പിതാക്കന്മാരുടെ ശ്രദ്ധ പിടിച്ചുപറ്റിയുള്ളു എന്നത് ഒരത്ഭുതമായി തോന്നാം. എങ്കിലും അങ്ങനെ സംഭവിച്ചു. ദീർഘനിദ്രയിൽനിന്ന് ഞെട്ടിയുണർന്ന് അവർ പഴുതടക്കുന്നതിന് ലളിതമായ ഒരു മാർഗം കണ്ടെത്തുകയായിരുന്നു. ആ വാക്യത്തിൽ ബ്രാക്കറ്റിനുള്ളിലായി 'എന്ന് ജനങ്ങൾ വിശ്വസിച്ചുവന്ന' എന്ന് എഴുതിച്ചേർക്കുകയായിരുന്നു ആ തന്ത്രം.

പക്ഷേ പ്രശ്നം അവിടെ അവസാനിച്ചില്ല. ഗ്രന്ഥകർത്താവ് അറിയാതെ ഒരു ബ്രാക്കറ്റ് ഇട്ട് ഏതാനും വാക്കുകൾ എഴുതിച്ചേർത്തത് വിവാദമായി. സഭാപിതാക്കന്മാർ അതിനു കണ്ട പരിഹാരം ബ്രാക്കറ്റ് നീക്കം ചെയ്യുകയായിരുന്നു. ഇന്ന് ബ്രാക്കറ്റില്ല. അപ്പോൾ വാക്യം ഇങ്ങനെയായി: "ഹേലിയുടെ മകനായ ജോസഫിന്റെ പുത്രനെന്ന് ജനങ്ങൾ വിശ്വസിച്ചുവന്ന യേശു." തിരുത്തലുകൾക്ക് വിധേയമായതാണ് ഈ വാക്യമെന്ന് ഇന്നത്തെ വായനക്കാരൻ ഒട്ടും അറിയുന്നില്ല. മുന്നിൽ തുറന്നുവെച്ച ആ മൂന്നുതരം ഗ്രന്ഥങ്ങളാണ് ഈ കുറിപ്പിന് ആധാരം.

ലൂക്കായുടെയും മത്തായിയുടെയും സുവിശേഷങ്ങളിൽ കൊടുത്തിട്ടുള്ള വംശാവലികൾ തമ്മിലുമുണ്ട് വ്യത്യാസം. പുരാതന കൈയെഴുത്തുകൃതികളിൽ ഇല്ലാതിരുന്ന പല വാക്യങ്ങളും പുതുതായോ ഭേദഗതി ചെയ്ത രൂപത്തിലോ ഇന്നത്തെ ഗ്രന്ഥങ്ങളിൽ ഉള്ളതായി കാണാം. അതോടൊപ്പം ചില വാക്യങ്ങൾ പൂർണമായി ഒഴിവാക്കുകയോ വിട്ടുകളയുകയോ ചെയ്തതായും കാണുന്നുണ്ട്.

സഭ്യേതരമായ പല പരാമർശങ്ങളും വർണനകളും ഇന്നത്തെ തൗറാത്ത് എന്ന പഴയനിയമ ഭാഗത്ത് കടന്നുകൂടിയിട്ടുണ്ട്. ചില പ്രവാചകന്മാരെപ്പോലും സങ്കോചമെന്യേ മോശമായി ചിത്രീകരിച്ചിരിക്കുന്നുവെന്നത് ആ പുസ്തകത്തിന്റെ ആത്മീയ മാനവുമായോ പ്രവാചകന്മാർക്ക് കൽപിക്കപ്പെടുന്ന വിശുദ്ധിയുമായോ തീരെ പൊരുത്തപ്പെടുന്നതല്ല.

ഇങ്ങനെ വികൃതമാക്കപ്പെട്ട പ്രവാചകന്മാരിൽ പെട്ടവരാണ് ലോത്തും ദാവീദും (ലൂത് നബിയും ദാവൂദ് നബിയും). അല്ലാഹുവിന്റെ പ്രവാചകന്മാരായ അവരെപ്പറ്റി അദ്യം നല്ലനിലയിൽ ദീർഘമായി പ്രതിപാദിച്ചശേഷം പെട്ടെന്ന് അവഹേളനപരമായി പരാമർശിച്ചതിന്റെ പൊരുൾ ദുരൂഹമായി തോന്നുന്നു. മഹത്തായ പ്രവാചകപദവിക്കെന്നല്ല സാമാന്യ സംസ്കാരത്തിനുപോലും യോജിക്കാത്തതാണ് ബൈബിൾ ഇവരിൽ ആരോപിക്കുന്ന ദൂഷ്യങ്ങൾ. എന്നാൽ വിശുദ്ധ ഖുർആനിൽ ആ പ്രവാചകന്മാരെ തികഞ്ഞ ആദരവോടെ മാന്യമായ രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ■

(തുടരും)